തലശ്ശേരിയിലെ നിർദ്ദിഷ്ട സഹകരണ ക്യാൻസർ ആശുപത്രി

135(1038) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിലെ നിർദ്ദിഷ്ട സഹകരണ ക്യാൻസർ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്ത് ചെലവാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഇതിനാവശ്യമായ ചെലവ് ഏതെല്ലാം ഏജൻസികളാണ് വഹിക്കുന്നത് ; വിശദമാക്കാമോ ;

(സി) നാളിതുവരെ എന്ത് തുക ചെലവഴിച്ചു ;

(ഡി) പ്രസ്തുത ആശുപത്രിയുടെ ഭരണ ചുമതല ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത് ;

(ഇ) ഇവിടത്തേക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നത് ആരാണ് ; അതിന്റെ മാനദണ്ഡം എന്തെല്ലാമാണ് ; നാളിതുവരെയായി ആരെയെല്ലാം സ്റ്റാഫായി നിയമിക്കുകയുണ്ടായി ; അവരുടെ പേരും മേൽവിലാസവും തസ്തികയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തലശ്ശേരിയിൽ, സഹകരണ മേഖലയിൽ ക്യാൻസർ ആശുപത്രി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി,സി,ഡി&ഇ) പ്രസക്തമല്ല.

വിതുര ഹൗസിംഗ് സഹകരണ സംഘത്തിലെ സാമ്പത്തിക ക്രമക്കേട്

136(1039) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിതുര ഹൗസിംഗ് സഹകരണ സംഘത്തിൽ അൻപത് ലക്ഷം രൂപയുടെ അഴിമതിയും ധനാപഹരണവും നടന്നതായി അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ വെളിപ്പെടുത്തിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് മേൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംഘത്തിന്റെ സെക്രട്ടറിയുടെ ഭാര്യയും സംഘം വക വസ്തുവകകൾ അനധികൃതമായി കൈമാറ്റവും വിൽപ്പനയും നടത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഇതുമായി ബന്ധപ്പെട്ട പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പരാതി ലഭിച്ചിട്ടുണ്ട്. പരാതിയിന്മേൽ തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ അന്വേഷണം നടത്തിയതിൽ സംഘത്തിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കാണുകയാൽ 1969-ലെ കേരളാ സഹകരണ സംഘം നിയമം 68-ാം വകുപ്പ് പ്രകാരം സംഘത്തിൽ ഒരു വിശദപരിശോധനയ്ക്ക് ഉത്തരവായിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.

സംസ്ഥാന പ്ലാനിംഗ് ബോർഡ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ സാമ്പത്തിക ക്രമക്കേട്

137(1040) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (നം. 4352) യിൽ 1990-ൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത സഹകരണ സംഘത്തിൽ സഹകരണ വകുപ്പ് നടത്തിയ ഓഡിറ്റിൽ എന്ത് തുകയ്ക്കുള്ള സാമ്പത്തിക ക്രമക്കേട് കണ്ടുപിടിച്ചിട്ടുണ്ട് ;

(ഡി) ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണെന്ന് അറിയിക്കുമോ ;

(ഇ) ക്രമക്കേടിൽ കണ്ടുപിടിച്ച തുക ഈടാക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) സാമ്പത്തിക ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥൻമാർക്കെതിരെ ഡിപ്പാർട്ടുമെന്റിൽ നിന്നും ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 1993-94 വരെയുള്ള ഓഡിറ്റിൽ 58,041.60 രൂപയുടെ സാമ്പത്തിക ക്രമക്കേട് കണ്ടുപിടിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly